# പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 393 - 03/03/2020-ലെ മറുപടിക്ക്

## പതിനഞ്ചാം ധനകാര്യ കമ്മീഷൻ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. വിൻസെന്റ് | ഡോ. ടി. എം. തോമസ് ഐസക്ക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |

| ചോദ്യം | ഉത്തരം |
|---|---|
| (എ) പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ ശിപാർശകൾ സംസ്ഥാനത്തിന് ഗുണകരമാണോ എന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | ഉണ്ട്. 14-ാം ധനകാര്യ കമ്മീഷൻ വിഭജിക്കാവുന്ന കേന്ദ്ര നികുതി (തനി) യുടെ 42% മാണ് സംസ്ഥാനങ്ങളുടെ വിഹിതമായി ശിപാർശ ചെയ്തിരുന്നത്. ഇതിന്റെ 2.5% മാണ് കേരളത്തിന്റെ വിഹിതമായി ലഭിച്ച് വരുന്നത്. എന്നാൽ 15-ാം ധനകാര്യ കമ്മീഷൻ വിഭജിക്കാവുന്ന കേന്ദ്ര നികുതി (തനി) യുടെ 41% മാണ് സംസ്ഥാനങ്ങളുടെ വിഹിതമായി ശിപാർശ ചെയ്തിരിക്കുന്നത്. ഇതിന്റെ 1.943% മാണ് കേരളത്തിന്റെ വിഹിതമായി ശിപാർശ ചെയ്തിരിക്കുന്നത് (2020-21 സാമ്പത്തിക വർഷത്തേയ്ക്ക് മാത്രം). 2020-21 BE പ്രകാരം കേരളത്തിന് അനുവദിച്ചിട്ടുള്ള നികുതി വിഹിതം 15,236.64 കോടി രൂപയാണ്. എന്നാൽ 2019-20 RE പ്രകാരമുള്ള നികുതി വിഹിതം 16,401.05 കോടി രൂപയാണ്. 2019-20 -നെ അപേക്ഷിച്ച് നികുതി വിഹിതത്തിൽ 1,164.41 കോടി രൂപയുടെ കുറവ് ഉണ്ടായിട്ടുണ്ട്. എന്നാൽ റവന്യൂ കമ്മി ഗ്രാന്റായി 15,323 കോടി രൂപ 2020-21 സാമ്പത്തിക വർഷം ശിപാർശ ചെയ്തിട്ടുണ്ട്. കൂടാതെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് 2,412 കോടി രൂപയും ദുരന്ത നിവാരണത്തിനായി 314 കോടി രൂപയും ശിപാർശ ചെയ്തിട്ടുണ്ട് (2020-21 സാമ്പത്തിക വർഷത്തേയ്ക്ക് മാത്രം). |

| | |
|---|---|
| (ബി) 2020-21 ലെ റവന്യൂ കമ്മി പരിഹരിക്കുന്നതിന് കമ്മീഷൻ എന്തു തുകയാണ് ശിപാർശ ചെയ്തിട്ടുള്ളതെന്ന് അറിയിക്കാമോ; | 2020-21-ലെ റവന്യൂ കമ്മി ഗ്രാന്റായി 15,323 കോടി രൂപ കമ്മീഷൻ ശിപാർശ ചെയ്തിട്ടുണ്ട്. എന്നാൽ 30,000 കോടി രൂപ മാത്രമാണ് ബജറ്റ് പ്രൊവിഷൻ. |
| (സി) പത്ത് ലക്ഷത്തിലധികം ജനസംഖ്യയുള്ള നഗരങ്ങളിലെ മാലിന്യ നിർമ്മാർജ്ജനം, ജലവിതരണ-ശുചീകരണ പദ്ധതികൾക്കായി പ്രത്യേക ധനസഹായം എന്നിവ കമ്മീഷൻ ശിപാർശ ചെയ്തിട്ടുണ്ടോ; | ഉണ്ട്. പത്ത് ലക്ഷത്തിലധികം ജനസംഖ്യയുള്ള കണ്ണൂർ, കൊച്ചി, കൊല്ലം, കോഴിക്കോട്, മലപ്പുറം, തിരുവനന്തപുരം, തൃശ്ശൂർ എന്നീ നഗരങ്ങൾക്ക് യഥാക്രമം 46 കോടി രൂപ, 59 കോടി രൂപ, 31 കോടി രൂപ, 57 കോടി രൂപ, 47 കോടി രൂപ, 47 കോടി രൂപ, 52 കോടി രൂപ എന്നിങ്ങനെ മാലിന്യ നിർമ്മാർജ്ജനം, ജല-വിതരണ, സംരക്ഷണ പദ്ധതികൾക്കായി പ്രത്യേക ധനസഹായം കമ്മീഷൻ ശിപാർശ ചെയ്തിട്ടുണ്ട്. |
| (ഡി) തദ്ദേശഭരണ സ്ഥാപനങ്ങൾക്കായി കേന്ദ്രം നൽകുന്ന തുക പത്ത് പ്രവൃത്തി ദിവസങ്ങൾക്കകം പ്രസ്തുത സ്ഥാപനങ്ങൾക്ക് കൈമാറിയില്ലെങ്കിൽ പലിശ നൽകണമെന്ന വ്യവസ്ഥ കമ്മീഷന്റെ ശിപാർശയിലടങ്ങിയിട്ടുണ്ടോ; വ്യക്തമാക്കാമോ? | ഉണ്ട്. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കുള്ള ഗ്രാന്റ് ലഭിച്ച തീയതി മുതൽ 10 ദിവസത്തിനുള്ളിൽ സംസ്ഥാനം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് കൈമാറേണ്ടതാണെന്നും, 10 ദിവസത്തിനു ശേഷമുള്ള ഏതൊരു കാലതാമസത്തിനും മുൻ വർഷത്തെ സംസ്ഥാന വികസന ലോൺ / OMB എന്നിവയ്ക്ക് ബാധകമായ നിരക്കിൽ ഫലപ്രദമായ പലിശ സഹിതം കൈമാറേണ്ടതാണെന്നും കമ്മീഷൻ ശിപാർശ ചെയ്തിട്ടുണ്ട്. |

Sreekala P

സെക്ഷൻ ആഫീസർ